(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ അനുബന്ധ സ്ഥാപനമായ ബാംബു ബോർഡ് ഫാക്ടറി 1998-99 സാമ്പത്തിക വർഷത്തിൽ എന്തു ലാഭം ഉണ്ടാക്കി എന്ന് വിശദമാക്കുമോ;

(ബി) ഇവിടുത്തെ സാധനങ്ങൾ വിറ്റഴിക്കാത്തതുമൂലം എന്തു തുകയ്ക്കുള്ള നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിൽ പുതിയതായി നിയമിച്ച ആളുകളെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തു മാനദണ്ഡമനുസരിച്ചാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ നിയമനം മൂലം സർക്കാരിന് എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാംബൂ ബോർഡ് ഫാക്ടറിയുടെ 1998-99 വർഷത്തെ പ്രത്യേക ലാഭക്കണക്ക് തയ്യാറാക്കിയിട്ടില്ല. ബാംബൂ ബോർഡ് ഫാക്ടറി ഉൾപ്പെടെയുള്ള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ 1998-99ലെ താൽക്കാലിക കണക്കുകൾ പ്രകാരം മൊത്തം ലാഭം 35,64,000 രൂപയാണ്.

(ബി) നഷ്ടം ഉണ്ടായിട്ടില്ല.

(സി) ഈ പ്രശ്നം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

34 (536) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദു ബഷീർ :
ശ്രീ. പി.കെ.കെ ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു;

(ബി) അതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും അറിയിക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നവ ലാഭകരമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) അതിന്റെ ഫലമായി എത്ര വ്യവസായങ്ങൾ ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയെന്നും ആ വ്യവസായങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഒഴികെ വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 59 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു.

(ബി) ലാഭത്തിൽ പ്രവർത്തിച്ചിരുന്നവ - 25 എണ്ണം

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നവ - 34 എണ്ണം

(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഈ സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങളുടെ ഫലം അറിയാൻ കുറച്ചു കൂടി സമയം ആവശ്യമായിവരുമെന്നുള്ളതു കൊണ്ട് ഈ പ്രവർത്തനങ്ങളുടെ ഫലമായി എത്ര സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിയുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുകയില്ല.

35 (537) കശുവണ്ടിയുടെ കുത്തക സംഭരണം

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ കുത്തക സംഭരണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് കുത്തക സംഭരണം ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) കശുവണ്ടിയുടെ കുത്തക സംഭരണം ആരംഭിക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് കശുവണ്ടിയുടെ കുത്തക സംഭരണം പുനരാരംഭിക്കുന്നതിന് പുതിയ നിയമനിർമ്മാണം ആവശ്യമാണ്. ഇതു സംബന്ധിച്ച നിയമപരമായും സാമൂഹ്യപരമായുമുള്ള വിവിധവശങ്ങൾ പരിശോധിച്ച് കർഷകരുടെ കൂടി സഹകരണത്തോടെ കുത്തക സംഭരണം ഏർപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് കശുമാവ് കർഷകരുടെ വിവിധ സംഘടനകളുമായി സർക്കാർ പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും കർഷക സംഘടനകൾ അനുകൂലമായ നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്.

36 (538) ബാംബൂ കോർപ്പറേഷൻ ഡിപ്പോകളിലെ പീസ് റേറ്റ് വർക്കർമാർ

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

കിൻഫ്രാ ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് /ഇൻഫർമേഷൻ ടെക്നോജി കാക്കാഞ്ചേരി, മലപ്പുറം	19.02	2.00	21.02	7.30
ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ്, പാലക്കാട്	9.35	--	9.35	7.84
സ്ഥലമെടുപ്പ് - ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് / പാലക്കാട്	10.00	--	10.00	10.00
റബ്ബർ പാർക്ക്, എറണാകുളം	7.695	--	7.695	5.79
മഴുവന്നൂർ സ്ഥലമെടുപ്പ്	2.42	--	2.42	2.42
ഐ.സി.ഐ.സി.ഐ. തിരുവനന്തപുരം	1.20	--	1.20	0.08
കാസർഗോഡ്, സ്ഥലമെടുപ്പ്	2.42	--	2.42	2.42
സ്ഥലമെടുപ്പ്-തിരുവനന്തപുരം	1.74	--	1.74	0.82
എം.പി.ഇ.ഡി.എ., അരൂർ	2.50	--	2.50	2.50
ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സെന്റർ, കണ്ണൂർ	6.355	1.00	7.355	2.60
ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം	0.50	--	.50	--
പൊതുഭരണ ചിലവുകൾ	1.981	--	1.981	2.971
	105.871	13.43	119.301	90671

അനുബന്ധം-V

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 34 (536) കാണുക

അനുബന്ധം

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനഃസംഘടയ്ക്കും വിപുലീകരത്തിനുമായി, സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനു വേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് രൂപീകരിച്ചു കഴിഞ്ഞു. ഈ ഫണ്ടിനാവശ്യമായ സ്കീം തയ്യാറാക്കി കഴിഞ്ഞു. ഇതിൽ നിന്നും ധനസഹായം ലഭിക്കുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ, ഉത്പന്ന വൈവിദ്ധ്യവത്ക്കരണം മുതലായ പദ്ധതികൾ മുഖേന ലാഭത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുകൂടാതെ, വിവിധ മേഖലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ സമിതികൾ രൂപീകരിച്ചു. തുണി വ്യവസായ മേഖലയ്ക്ക് വേണ്ടിയുള്ള കമ്മിറ്റി അതിന്റെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. എല്ലാ സെക്ടറുകളിലെയും കമ്മിറ്റികളുടെ പലവട്ട ചർച്ചകൾ നടന്നു കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോമൻസ് കോൺട്രാക്സ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും വിശകലനം നടത്തി വരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly